**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275** **12-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരസംസ്കരണ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കർഷകരിൽനിന്നും ശേഖരിക്കുന്ന പാൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾക്കുണ്ടാകുന്ന ബാധ്യത പരിഹരിക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാൽ സംസ്കരിക്കുന്നതിനാവശ്യമായ എല്ലാ പ്രക്രിയകൾ ചെയ്യുന്നതിനും, അതിന് ആവശ്യമായ ജീവനക്കാർക്ക് സാമ്പത്തികമായ എല്ലാ സഹായവും നിർവ്വഹിക്കുന്നതും ബന്ധപ്പെട്ട മിൽമ മേഖല യൂണിയനുകളാണ്. ആയതിനാൽ തന്നെ ക്ഷീരകർഷകരിൽ നിന്നും ശേഖരിക്കുന്ന പാൽ, സംസ്കരിക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾക്ക് അധിക ബാധ്യത ഉണ്ടാകുന്നില്ല.<br><br>ക്ഷീരകർഷകനിൽ നിന്നും സംഭരിക്കുന്ന പാൽ സംസ്കരിക്കുന്നതിന് സംഘങ്ങൾക്ക് ബൾക്ക് മിൽക്ക് കൂളറുകൾ (BMC) സ്ഥാപിച്ചുകൊണ്ടും, സംഭരണ സ്ഥലത്ത് വെച്ച് തന്നെ പാൽ ശീതീകരിക്കുന്നതിനും, ശീതീകരിച്ച പാൽ ഇൻസുലേറ്റഡ് ടാങ്കറുകളിൽ ഡയറികളിലെത്തിക്കുന്നതിനും സംവിധാനങ്ങൾ മിൽമ ഒരുക്കിയിട്ടുണ്ട്. BMC സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി ചാർജ്ജ്, BMC അനുബന്ധ ഉപകരണങ്ങൾ, AMC ഉൾപ്പെടെ വരുന്ന തുക മേഖലാ യൂണിയനുകൾ നിർവ്വഹിച്ചു വരുന്നു. പാൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾക്കുണ്ടാവുന്ന ബാധ്യത പരിഹരിക്കുന്നതിനായി കാലാകാലങ്ങളിൽ മേഖലാ യൂണിയനുകൾ BMC കളുടെ പ്രവർത്തനം വിലയിരുത്തി Chilling ചാർജിലും വർദ്ധനവ് വരുത്തി നൽകുന്നു. |
| (ബി) | ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാൽ സംസ്കരിക്കുന്നതിന് ആവശ്യമായി വരുന്ന ഊർജ്ജം, മലിനജല സംസ്കരണസംവിധാനം എന്നിവ പാൽ സംസ്കരണപ്ലാന്റുകൾക്ക് ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ ക്ഷീരസംഘങ്ങളുടെ "മൂലധന വർദ്ധനവ്" എന്ന പദ്ധതിയിലെ ഘടകപദ്ധതികളായ |

| | | | |
|---|---|---|---|
| | | | സൗരോർജ്ജ പ്ലാന്റ് സ്ഥാപനം, മലിനജലസംസ്കരണ പ്ലാന്റ് സ്ഥാപനം എന്നിവയിലൂടെ ക്ഷീരസംസ്കരണ പ്ലാന്റുകൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ശുദ്ധമായ പാൽ സംസ്കരണത്തിന്റെ ഭാഗമായി കുറഞ്ഞ ചെലവിലുള്ള മലിനജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡിയോടുകൂടി പരമാവധി മൂന്ന് ലക്ഷം രൂപ വകുപ്പ് നൽകി വരുന്നു. കൂടാതെ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് 75% സബ്സിഡിയോടുകൂടി പരമാവധി 8 ലക്ഷം രൂപയുടെ ധനസഹായം നൽകിവരുന്നു. ഓരോ ക്ഷീരസംസ്കരണ പ്ലാന്റുകളുടെയും ആവശ്യം കഴിഞ്ഞ് അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നല്കാവുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 26.21 ലക്ഷം രൂപയും, മലിനജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 9 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയിലധികം വകുപ്പ് വിനിയോഗിച്ചു.<br><br>മിൽമ മേഖലാ യൂണിയന്റെ കീഴിൽ BMC സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിൽ നിന്നും ശരിയായ രീതിയിൽ മലിനജലം നീക്കം ചെയ്യുന്നതിന് വേണ്ടി ഇ.ടി.പി (Effluent Treatment Plant) പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചുവരുന്നു. ഊർജ്ജസംരക്ഷണത്തിനായി വിവിധ ബൾക്ക് മിൽക്ക് കൂളറുകളിൽ സൗരോർജ്ജ പ്ലാന്റിനും, ദേശീയ ക്ഷീര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മിൽമ മേഖല യൂണിയനുകളിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ